***'CORRUPTION, A CRIME AGAINST NATION'***


വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471-2305393


തീയതി: 11.01.2021

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെയും ക്രൈംബ്രാഞ്ചിന്റെയും ഓഫീസ് സമുച്ചയങ്ങളുടെ ശിലാസ്ഥാപന കർമ്മം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവഹിച്ചു.**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെയും ക്രൈംബ്രാഞ്ചിന്റെയും തിരുവനന്തപുരം മുട്ടത്തറയിൽ നിർമ്മിക്കുന്ന ഓഫീസ് സമുച്ചയങ്ങളുടെ ശിലാസ്ഥാപന കർമ്മം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവർകൾ വീഡിയോ കോൺഫറൻസിംഗ് മുഖേന ഇന്നു (11-01-2021) നിർവഹിച്ചു.

വിജിലൻസിന് നിർമ്മിക്കുന്ന കെട്ടിടം ആധുനിക സൌകര്യങ്ങൾ ഉള്ളതാണ്. അഞ്ച് ഓഫീസുകൾക്കായി അഞ്ചുനിലകളിലായി 75,000 sqft വിസ്തൃതിയിൽ ആണ് വിജിലൻസ് കോംപ്ലക്സ് നിർമ്മിക്കുന്നത്. കേരളത്തിൽ ഇനി പത്തനംതിട്ട, വയനാട് എന്നീ രണ്ട് ജില്ലാ വിജിലൻസ് യൂണിറ്റുകൾ മാത്രമാണ് സ്വന്തം കെട്ടിടം ഇല്ലാതെ അവശേഷിക്കുന്നത്. ഇതിൽ വയനാട് വിജിലൻസ് യൂണിറ്റിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്ക് 25 സെന്റ് വസ്തു അനുവദിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയാണെന്നും, പത്തനംതിട്ട ജില്ലയിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നതായും മുഖ്യമന്ത്രി വ്യക്തമാക്കി.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിജിലൻസ് വകുപ്പിന് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനു അവസരം ഒരുക്കിയെന്ന കാര്യവും വിജിലൻസ് കേസ്സുകൾ അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് അന്വേഷണം നടത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രധാനപ്പെട്ട 3 നഗരങ്ങളിൽ വിജിലൻസിന് സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുള്ള കാര്യവും. കൂടാതെ തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു സൈബർ ഫോറൻസിക് ലാബ് ആരംഭിക്കുന്നതിനും ഇക്കാലയളവിൽ സാധിച്ചിട്ടുണ്ടെന്നും, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് വിജിലൻസ് ക്ലീയറൻസ് സമയബന്ധിതമായി ഉറപ്പു വരുത്തുന്നതിന് Vigilance Suit സംവിധാനം നടപ്പിലാക്കുകയുണ്ടായി. വിജിലൻസിലെ എല്ലാ ഓഫീസുകളും തമ്മിലുള്ള വീഡിയോ കോൺഫറൻസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ശ്രമം ദ്രുദഗതിയിൽ നടന്നു വരുന്നതായും അദേഹം ചൂണ്ടിക്കാണിച്ചു.

.

വിജിലൻസിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളെ തുടർന്ന് കഴിഞ്ഞ നാലര വർഷമായി അഴിമതി വളരെ കുറച്ചുകൊണ്ടുവരുന്നതിന് കഴിഞ്ഞു. Transparency International എന്ന സംഘടന നടത്തിയ പഠനത്തിൽ ഇന്ത്യയിൽ അഴിമതി കുറഞ്ഞ സംസ്ഥാനങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണെന്ന് കണ്ടെത്തുകയുണ്ടായി. കേരളത്തിൽ നിന്നും ഈ സർവ്വേയിൽ പങ്കെടുത്ത 99 % പേരും കൈക്കൂലി നൽകാതെ തന്നെ സർക്കാർ സേവനം ലഭിച്ചതായി പ്രതികരിക്കുകയുണ്ടായെന്നും പഠനം റിപ്പോർട്ട് ചെയ്യുകയുണ്ടായി. കഴിഞ്ഞ ഏതാനും വർഷത്തിന്നിടയിൽ സംസ്ഥാന വിജിലൻസ് 32 മിന്നൽ പരിശോധനകൾ നടത്തുകയും കൈക്കൂലി വാങ്ങിയതിന് 56 ട്രാപ് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്യുകയുണ്ടായി. ഇക്കാലയളവിൽ 70-ഓളം വിജിലൻസ് കേസ്സുകളിലെ പ്രതികളെ വിവിധ കോടതികൾ ശിക്ഷിയ്ക്കുയും ചെയ്തതായും മുഖ്യമന്ത്രി വ്യക്തമാക്കി.

അഴിമതിയെ കുറിച്ച് പരാതിപ്പെടുന്നവർക്ക് സ്വാഭാവികമായും ഉണ്ടാകുന്ന ആശങ്കകൾ ദൂരികരിച്ചും അഴിമതി വിവരങ്ങൾ നൽകുന്ന ആളിന്റെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കപ്പെടുമെന്ന് ഉറപ്പ് നൽകിക്കൊണ്ടും സോഫ്റ്റ് വെയറിലൂടെ പരാതി ഉന്നയിക്കാനുള്ള അവസരം പൊതു ജനങ്ങൾക്ക് നൽകുക എന്ന ഉദ്ദേശത്തോടെയാണ് "അഴിമതി മുക്ത കേരളം" എന്ന പദ്ധതി ഇക്കഴിഞ്ഞ 1-ാം തീയതി സർക്കാർ പ്രഖ്യാപിച്ചത് . ഈ പദ്ധതി നടപ്പിലകുന്നതോടെ സർക്കാർ വകുപ്പിലെയും പൊതുരംഗത്തെയും അഴിമതി

പൂർണമായും തുടച്ചുനീക്കാൻ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സർക്കാർ വിജ്ഞാപനം ചെയ്യുന്ന അതോററ്റിയ്ക്ക് മുന്നിലെത്തുന്ന പരാതികളുടെ നിജസ്ഥിതി ശാസ്ത്രീയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കി തുടർ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള ഈ പദ്ധതി റിപ്പബ്ലിക് ദിനമായ ജനുവരി 26 ന് നിലവിൽ വരുമെന്നും,സമൂഹത്തിന്റെ നന്മക്കായി പോലീസ് ചെയ്യുന്ന എല്ലാ നല്ല കാര്യത്തിനും സർക്കാരിന്റെ പൂർണ്ണ പിന്തുണ ഉണ്ടാകും ജനങ്ങളുടെ മനസ്സറിഞ്ഞു അവരുടെ അവശ്യത്തിനൊപ്പം പ്രവർത്തിക്കുമ്പോൾ മാത്രമാണ് പോലീസ്\ജനപക്ഷത്ത് നിൽക്കുന്നു എന്ന് പറയാൻ കഴിയുന്നതെന്നും ,ഇക്കാര്യം മനസ്സിൽ വച്ചാകണം എല്ലാപേരും പ്രവർത്തിക്കേണ്ടതെന്നും മുഖ്യമന്ത്രി പറയുകയുണ്ടായി.

മുട്ടത്തറയിൽ നടന്ന ശിലാസ്ഥാപന കർമ്മത്തിൽ ബഹു. പൊതുമരാമത്ത്, രജിസ്ട്രേഷൻ മന്ത്രി ശ്രീ. ജി. സുധാകരൻ അവർകൾ അദ്ധ്യക്ഷനായിരുന്നു. ബഹു. കേരള സംസ്ഥാന പോലീസ് മേധാവി ശ്രീ .ലോക്നാഥ് ബെഹ്റ ഐ.പി.എസ്. അവർകൾ സ്വാഗതം ആശംസിക്കുകയും ബഹു. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ശ്രീ. സുദേഷ് കുമാർ ഐ.പി.എസ് അവർകൾ ആമുഖ പ്രസംഗം നടത്തുകയും ചെയ്തു. ബഹു. തിരുവനന്തപുരം എം.എൽ.എ. ശ്രീ. വി. എസ്. ശിവകുമാർ, ബഹു. തിരുവനന്തപുരം എം.പി. ശ്രീ.ശശി തരൂർ, ബഹു. തിരുവനന്തപുരം മേയർ കുമാരി ആര്യ രാജേന്ദ്രൻ എന്നിവർ മുഖ്യാതിഥികൾ ആയിരുന്ന ചടങ്ങിൽ ബഹു. എ. ഡി .ജി.പി (എച്ച്.ക്യൂ) പിഎച്ച്.ക്യൂ .ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ്, ബഹു. എ. ഡി .ജി. പി (ക്രൈംസ്) ശ്രീ. എസ്. ശ്രീജിത്ത് ഐ.പി.എസ്, ബഹു. ഐ.ജി.പി.(ക്രൈംസ്) ശ്രീ. ഗോപേഷ് അഗർവാൾ ഐ.പി.എസ് , ബഹു.വിജിലൻസ് ഇന്റലിജൻസ് വിഭാഗം പോലീസ് സൂപ്രണ്ട് ശ്രീ. ഹരി ശങ്കർ ഐ.പി.എസ്, വിജിലൻസ് അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ ശ്രീ.കെ.ഡി.ബാബു, പിഡബ്ല്യുഡി ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്) ശ്രീമതി. ഹൈജീൻ ആൽബെർട്ട്, ഹാബിറ്റാറ്റ് ഗ്രൂപ്പ് ചെയർമാൻ പദ്മശ്രീ Dr.ജി.ശങ്കർ, ബീമാപള്ളി ഈസ്റ്റ് കൌൺസിലർ ശ്രീ,സുധീർ എന്നിവർ സന്നിഹിതരായിരുന്ന ശിലാസ്ഥാപന കർമ്മത്തിൽ ബഹു. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലിസ് ശ്രീ. എച്ച്. വെങ്കിടേഷ് ഐ.പി.എസ് അവർകൾ കൃതജ്ഞതയും രേഖപ്പെടുത്തി.




വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെയും ക്രൈംബ്രാഞ്ചിന്റെയും തിരുവനന്തപുരം മുട്ടത്തറയിൽ നിർമ്മിക്കുന്ന ഓഫീസ് സമുച്ചയങ്ങളുടെ ശിലാസ്ഥാപന കർമ്മം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവർകൾ വീഡിയോ കോൺഫറൻസിംഗ് മുഖേന ഉത്ഘാടനം നിർവഹിച്ച അവസരത്തിൽ ബഹു. പൊതുമരാമത്ത്, രജിസ്ട്രേഷൻ മന്ത്രി ശ്രീ. ജി. സുധാകരൻ ഭദ്രദീപം തെളിയിക്കുന്നു.


SP.SCRB
FUNCTION PLA...
Galaxy A21s
CM OFFICE
PHQ
ശ്രീ.പിണറായി വിജയൻ
ശ്രീ.ജി.സുധാകരൻ
ഡോ. ശശി തരൂർ


ക്രൈം ബ്രാഞ്ച്
തിരുവനന്തപുരം
ശിലാസ്ഥാപനം
മുട്ടത്തറ
2021
ജനുവരി
11